(ജി) ഫീസ് ഒന്നും ഈടാക്കിയിട്ടില്ല. (ഫീസ് അഡ്മിഷൻ നേടുന്ന കോളേജുകളിൽ അടച്ചാൽ മതിയാകുന്നതാണ്.)

സാക്ഷരതാ നിരക്കും സ്ത്രീപുരുഷ അനുപാതവും

145 (2087) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസംഖ്യാടിസ്ഥാനത്തിൽ കേരളത്തിലെ സാക്ഷരതാ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സ്ത്രീ പുരുഷ ആനുപാതം എത്രയാണ് ;

(സി) സ്കൂളുകളിൽ നിന്നും പ്രൈമറി, അപ്പർ പ്രൈമറി തലത്തിൽ കുട്ടികളുടെ വിദ്യാഭ്യാസം നിർത്തുന്ന പ്രവണത സംസ്ഥാനത്ത് നിലവിലുണ്ടോ ;

(ഡി) ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നതിനുള്ള പ്രവണത തടഞ്ഞ് തുടർച്ചയായി ഹൈസ്കൂൾ തലം വരെയുള്ള വിദ്യാഭ്യാസമെങ്കിലും കുട്ടികൾക്ക് നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജനസംഖ്യാടിസ്ഥാനത്തിൽ കേരളത്തിലെ സാക്ഷരതാനിരക്ക് 90.92% ആണ്.

(ബി)	പുരുഷൻമാർ	94.20%
	സ്ത്രീകൾ	87.86%

(സി) ഉണ്ട്.

(ഡി) സർവ്വശിക്ഷ അഭിയാൻ പദ്ധതി നിലവിൽ വന്നത് മുതൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രത്യേക പ്രോഗ്രാം ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാന സാക്ഷരതാമിഷന്റെ പ്രവർത്തനം

146 (2088) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ;
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാക്ഷരതാമിഷൻ പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനമാണോ ;

(ബി) ഇതിൽ സംസ്ഥാന ഗവൺമെന്റിന്റെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥാപനത്തിൽ എത്ര ജോലിക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സ്ഥാപനത്തിന് കേന്ദ്ര സഹായം നിർത്തലാക്കിയാൽ സംസ്ഥാന-സർക്കാരിന് അത് ഏറ്റെടുക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തുടർ വിദ്യാഭ്യാസ പദ്ധതി അഞ്ച് വർഷത്തേക്കുള്ള ഒരു പ്രോജക്ടാണ്. പ്രസ്തുത പ്രോജക്ട് പ്രകാരം തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ചെലവ് ആദ്യത്തെ മൂന്ന് വർഷം പൂർണ്ണമായും കേന്ദ്ര സർക്കാരും തുടർന്നുള്ള രണ്ട് വർഷങ്ങളിൽ 50% കേന്ദ്ര സർക്കാരും 50% സംസ്ഥാന സർക്കാരും വഹിക്കുന്നു.

(ബി) മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു ജനറൽ കൗൺസിലും, വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയുമാണ് സാക്ഷരതാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം പദ്ധതിയുടെ നാലും, അഞ്ചും വർഷങ്ങളുടെ മൊത്തം ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണം.

(സി) സംസ്ഥാന സാക്ഷരതാമിഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 5-ഉം, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 4-ഉം, കരാർ അടിസ്ഥാനത്തിൽ 28-ഉം ദിവസക്കൂലി അടിസ്ഥാനത്തിൽ 24 പേരും ഉൾപ്പെടെ മൊത്തം 61 ജോലിക്കാരാണ് ഉള്ളത്.

(ഡി) അഞ്ച് വർഷം വരെയാണ് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം, ഇതിൽ മൂന്ന് വർഷം വരെ പൂർണ്ണ കേന്ദ്ര സഹായവും, തുടർന്നുള്ള രണ്ട് വർഷത്തേയ്ക്ക് 50% കേന്ദ്ര സഹായവും, അതിന് ശേഷം മുഴുവൻ ചെലവും വഹിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. ഇക്കാര്യത്തിൽ യഥാസമയം സർക്കാർ തീരുമാനമെടുക്കുന്നതാണ്.

സാക്ഷരതാമിഷന്റെ ഓഫീസിലെ ക്ലാർക്ക്, പ്യൂൺ എന്നിവരുടെ ശമ്പളം

147 (2089) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ ഓഫീസിലെ ക്ലാർക്ക്, പ്യൂൺ എന്നീ തസ്തികകളുടെ ശമ്പളം വെവ്വേറെ വ്യക്തമാക്കാമോ ;

(ബി) ഈ ശമ്പളം സർക്കാർ ജീവനക്കാരുടെതിനേക്കാളും താഴെയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly